(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലോട് ഡിപ്പോയിൽനിന്നും സർവ്വീസുകൾ ഒന്നുംതന്നെ പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. ബസ്സുകളുടെ കുറവുമൂലം ചില സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ട്. പുതിയ സർവ്വീസുകളൊന്നും തന്നെ ഇതുവരെയും ആരംഭിച്ചിട്ടില്ല.

(സി) ബസുകളുടെ കുറവുമൂലമാണ് ചില സർവ്വീസുകൾ താത്ക്കാലികമായി റദ്ദ് ചെയ്യേണ്ടിവന്നത്.

(ഡി) പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി. യാത്രികർക്കായി ഇൻഷ്വറൻസ് സെസ്സ്

315 (3949) ശ്രീമതി അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യാത്രികർക്കായി ഇൻഷ്വറൻസ് സെസ് ഏർപ്പെടുത്തുന്നതിന്റെ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ ;

(ബി) ഇൻഷ്വറൻസ് സെസ് ഏർപ്പെടുത്തുകവഴി കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) എത്ര തുകക്ക് മുകളിലുള്ള ടിക്കറ്റിനാണ് ഇൻഷ്വറൻസ് സെസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത തുകക്ക് താഴെയുള്ള ടിക്കറ്റ് യാത്രികർക്ക് സെസിന്റെ ഭാഗമായ ആനുകൂല്യങ്ങൾ ലഭ്യമാകുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് സെസ്സ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. തയ്യാറാക്കിയ സ്കീം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തുകവഴി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാനാണ് ഉദ്ദേശിക്കുന്നത്. യാത്രക്കാർക്ക് Accidental Death, Accidental Hospitalization, Accidental Treatment, Hospitalization Cash Allowance, Baggage Allowance തുടങ്ങിയ വിവിധ തരത്തിലുള്ള ഇൻഷ്വറൻസ് കവറേജുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 25 രൂപ ടിക്കറ്റ് നിരക്കു മുതൽ യാത്ര ചെയ്യുന്ന യാത്രികരിൽനിന്നും സെസ് ഇനത്തിൽ ഇുക ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) എല്ലാ കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കും സെസിന്റെ ഭാഗമായുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതാണ്.

റോഡ് സേഫ്റ്റി ഫണ്ട്

316 (3950) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നിലവിൽ ചെയ്തുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത ഇനത്തിൽ പ്രതിവർഷം ശരാശരി ചെലവഴിക്കുന്ന തുകയുടെ വിശദാംശങ്ങൾ നല്കുമോ ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികളുടെ മോണിറ്ററിംഗ് എപ്രകാരമാണ് നിർവ്വഹിക്കുന്നത്; വ്യക്തമാക്കുമോ ;

(ഡി) റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികളുടെ ഫലപ്രദമായ നിർവ്വഹണത്തിന് ജനപ്രതിനിധികളുടെ സഹകരണം ഉറപ്പുവരുത്തുന്ന വിധത്തിൽ മോണിറ്ററിംഗ് സംവിധാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന പരിപാടിയുടെ ഭാഗമായി നടത്തുന്ന റോഡ് സുരക്ഷാ ബോധവൽക്കരണ പരിശീലനങ്ങൾ, പുസ്തകങ്ങൾ, ലീഫ്ലെറ്റുകൾ മറ്റു സാമഗ്രികൾ എന്നിവയുടെ അച്ചടിയും വിതരണവും പരസ്യ പ്രചാരണങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

2. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സാമ്പത്തിക സഹകരണത്തോടെ മണ്ണുത്തി മുതൽ കാസർഗോഡ്വരെ ക്യാമറ നിരീക്ഷണ സംവിധാനം സ്ഥാപിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly